3. പഠനറിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ എൽ. ഡി.സി., എ.എം.വി.ഐ., എം.വി.ഐ. എന്നീ വിഭാഗങ്ങളിൽ 19 വീതം തസ്തികകൾ സൃഷ്ടിച്ചു.

4. ചെലവു ചുരുക്കൽ ഉത്തരവുകളിൽ അയവ് വരുത്തിക്കൊണ്ട് 21 ഡ്രൈവർ തസ്തികകൾ സൃഷ്ടിച്ചു.

(എഫ്)ഉണ്ട്. ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പ് പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ പുതിയ ഓഫീസുകൾ തുറക്കുക, കൂടുതൽ ജീവനക്കാരെ നിയമിക്കുക, നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുക തുടങ്ങിയ കാര്യങ്ങളിൽ നിർദ്ദേശങ്ങളുണ്ട്.

(ജി) ഉണ്ട്.

(എച്ച്) പുതുതായി ആർ.ടി.ഓഫീസുകൾ സ്ഥാപിക്കുക, ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുക, നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക, വകുപ്പ് നവീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക തുടങ്ങിയവയാണ് റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങളിൽ ചിലത്. റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

കൊയിലാണ്ടിയിൽ ജോയിന്റ് ആർ.ടി.ഒ. ഓഫീസ്

107 (461) ശ്രീ. പി. വിശ്വൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്കാസ്ഥാനമായ കൊയിലാണ്ടിയിൽ ജോയിന്റ് ആർ.ടി.ഒ. ഓഫീസ് ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ,ബി) കൊയിലാണ്ടി ആസ്ഥാനമാക്കി പുതുതായി ജോയിന്റ് ആർ.ടി.ഓഫീസ് സ്ഥാപിക്കുന്നതു സംബന്ധിച്ച് ഒരു തീരുമാനവും സർക്കാർ ഇതുവരെ കൈക്കൊണ്ടിട്ടില്ല.

മലബാർ ദേവസ്വംബോർഡ്

108 (463) ശ്രീ. പി. വിശ്വൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വംബോർഡ് രൂപീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ,ബി) ഉണ്ട്. ഇതുസംബന്ധിച്ച് ഒരു ബിൽ 1997 ഡിസംബർ 23-നു നിയമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly